# അറിയിപ്പ്

## ഗൾഫ് രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസി മലയാളികളുടെ ഭൗതീക ശരീരം നാട്ടിലെത്തിക്കുന്ന നടപടി പുരോഗമിക്കുന്നതായി നോർക്ക റൂട്ട്സ്

ഗൾഫ് രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസി മലയാളികളുടെ ഭൗതീക ശരീരം നോർക്കയുടെ ചെലവിൽ നാട്ടിലെത്തിക്കുമെന്ന് 2019 ഫെബ്രുവരി 15, 16 തീയതികളിൽ ദുബായിൽ നടന്ന ലോക കേരള സഭയുടെ ആദ്യ പശ്ചിമേഷ്യൻ മേഖല സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി പ്രഖ്യാപനം നടത്തിയിരുന്നു. ബഹു. ധനമന്ത്രി 2019 - 20 ലെ ബജറ്റ് പ്രസംഗത്തിലും സമാനമായ പ്രഖ്യാപനം നടത്തി.

ഗൾഫ് രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസി മലയാളികളുടെ ഭൗതീക ശരീരം തൊഴിൽ ദാതാവ്, സ്പോൺസർ, അതാതു രാജ്യങ്ങളിലെ ഇന്ത്യൻ മിഷൻ, പ്രവാസി സംഘടനകൾ, സർക്കാർ എന്നിവയുടെ സഹായത്തോടെയാണ് ഇപ്പോൾ നാട്ടിൽ എത്തിക്കുന്നത്. ഇന്ന് നിലവിലിരിക്കുന്ന സഹായ സംവിധാനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുകയാണ് സർക്കാർ ചെയ്തുവരുന്നത്. അർഹമായ കേസുകളിൽ വിദേശ മലയാളികളുടെ ദൗതീക ശരീരം നാട്ടിലെത്തിക്കുന്നതിന് 50,000/- രൂപയും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ളവയ്ക്ക് 15,000/- രൂപയും നൽകുന്നതിനുള്ള കാരുണ്യം പദ്ധതിയും കേരളത്തിലെ വിമാനത്താവളങ്ങളിൽ എത്തിക്കുന്ന പ്രവാസി മലയാളികളുടെ ഭൗതീകശരീരം നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് മുഖാന്തിരം അവരവരുടെ വീടുകളിൽ സൗജന്യമായി എത്തിക്കുന്ന പദ്ധതിയും നിലവിലുണ്ട്.

മേൽപറഞ്ഞ സഹായ സംവിധാനങ്ങൾ ചില അവസരങ്ങളിൽ ലഭിക്കുന്നില്ലെന്ന യഥാർത്ഥ്യം ഉൾക്കൊണ്ടാണ് ബഹു. മുഖ്യമന്ത്രിയുടെയും ബഹു. ധനമന്ത്രിയുടെയും പ്രഖ്യാപനങ്ങൾ. ഈ പ്രഖ്യാപനത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട്, പ്രവാസി മലയാളികളുടെ ഭൗതീക ശരീരം നാട്ടിൽ എത്തിക്കുന്നതിന് സർക്കാർ ഒരു പദ്ധതിക്കു തന്നെ രൂപം നൽകിവരികയാണ്. യുദ്ധസമാനമായ സാഹചര്യങ്ങളിൽ വിദേശ മലയാളികളെ നാട്ടിൽ എത്തിക്കുന്നതിന് എമർജൻസി റിപ്പാട്രിയേഷൻ എന്ന ഒരു പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയിൽ നോർക്കയുടെ സഹായത്തോടെ ഭൗതികശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ഒരു ഘടകം കൂടി ഉൾപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട് ആവിഷ്കരിക്കും. മറ്റ് സഹായ മാർഗ്ഗങ്ങളോടൊപ്പം പ്രവർത്തിക്കുന്നതായിരിക്കും പുതിയ പദ്ധതി.